(ബി) എങ്കിൽ സ്റ്റോപ്പ് അനുവദിക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ടൗൺ-ടു-ടൗൺ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കത്തക്കവിധം പ്രാധാന്യം ഈ സ്ഥലത്തിനില്ലാത്തതിനാലും പുതുതായി ഈ സർവ്വീസിന് സ്റ്റോപ്പ് അനുവദിച്ചാൽ ഈ റൂട്ടിൽ കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നതിന് സമ്മർദ്ദത്തിന് കാരണമാകുമെന്നതിനാലും, യാത്രക്കാരെ താരതമ്യേന കുറഞ്ഞ ചെലവിൽ വേഗത്തിൽ ലക്ഷ്യത്തിലെത്തിക്കാനുദ്ദേശിച്ച് ആരംഭിച്ചിട്ടുള്ള ടൗൺ-ടു-ടൗൺ സർവ്വീസുകളുടെ ഉദ്ദേശ്യത്തെ തന്നെ ഇത് ഹാനികരമായി ബാധിക്കുമെന്നതിനാലും ഇക്കാര്യം പരിഗണനയിലില്ല.

മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിലേയ്ക്ക് കൂടുതൽ സ്പെയർ ബസ്സുകൾ അനുവദിക്കുന്നതിന് നടപടി

82 (4242) ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിൽ നിന്ന് ഏഴ് ലോക്കൽ ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ടെങ്കിലും സ്പെയർ ബസ്സുകൾ ഇല്ലാത്തതു കാരണം ഓടിക്കൊണ്ടിരിക്കുന്ന ബസ്സുകൾക്ക് റിപ്പയർ വന്നാൽ ഷെഡ്യൂളുകൾ മുടങ്ങുകയും തൻമൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ബുദ്ധിമുട്ട് പരിഹരിക്കാൻ മണ്ണാർക്കാട് ഓപ്പറേറ്റിംഗ് സെന്ററിലേക്ക് കൂടുതൽ സ്പെയർ ബസ്സുകൾ അനുവദിക്കാൻ സത്വര നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഇത് എന്നത്തേയ്ക്ക് നടപ്പാക്കും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്പെയർ ബസ് അനുവദിച്ചിട്ടുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

കൊച്ചിയിലെ കെൽടെക് ജംഗ്ഷനിൽ ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതിന് നടപടി

83 (4243) ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുന്നൂറോളം ജീവനക്കാർ ജോലി ചെയ്യുന്ന കേരള ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ കൊച്ചിയിലെ 'കെൽടെക്' ജംഗ്ഷനിൽ സിറ്റി ഫാസ്റ്റ് അടക്കമുള്ള ബസ്സുകൾക്ക് സ്റ്റോപ്പ് ഇല്ലാത്തതിനാൽ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly